(സി) ബാങ്കിന് ഇടനിലക്കാർ ഇല്ലായിരുന്നു. പത്തനംതിട്ട, ആനപ്പാറ, കോലിയാനിക്കരയിൽ വീട്ടിൽ ചിന്നമീരാൻ മകൻ ശ്രീ റഷീദ് സമർപ്പിച്ച പരാതിയിന്മേൽ ബാങ്ക് നടത്തിയ അന്വേഷണത്തിൽ ബാങ്കിൽ ഹാജരാക്കപ്പെട്ട കോഴഞ്ചേരി തഹസീൽദാർ നൽകിയ വിലനിർണ്ണയ സർട്ടിഫിക്കറ്റിൽ കൃത്രിമം നടന്നതായി ബോദ്ധ്യപ്പെട്ടിട്ടുള്ളതാണ്. ടി പരാതിയിന്മേൽ ബാങ്ക് വിശദമായ അന്വേഷണം ആവശ്യപ്പെട്ട് ചുവടെ ചേർത്തിരിക്കുന്ന നടപടികൾ സ്വീകരിച്ചിട്ടുള്ളതാണ്:

1. വിശദമായ അന്വേഷണം ആവശ്യപ്പെട്ട് ബാങ്ക് പ്രസിഡന്റ് 4-3-2015-ലെ G4/RO-PTA/L&B/13-14 നമ്പർ കത്തുപ്രകാരം ആഭ്യന്തര വകുപ്പ് മന്ത്രിക്ക് ഹർജി നൽകുകയും ഇതേത്തുടർന്ന് ടി പരാതി എ.ഡി.ജി.പി. (ക്രൈംസ്) പോലീസ് വകുപ്പ്, തിരുവനന്തപുരത്തിന് മേൽ നടപടികൾക്കായി അയച്ചു കൊടുക്കുകയും ചെയ്തിട്ടുണ്ട്.

2. ബാങ്ക് പ്രസിഡന്റ് 6-3-2015-ൽ റവന്യൂ വകുപ്പ് മന്ത്രി സമക്ഷം ഹർജി നൽകുകയും, ടി ഹർജി പ്രകാരം പത്തനംതിട്ട ജില്ലാകളക്ടർ തലത്തിൽ കൂടുതൽ അന്വേഷണത്തിന് ഉത്തരവായിട്ടുള്ളതുമാണ്.

3. ബാങ്ക് 3 അംഗ ഉന്നതതല ഉദ്യോഗസ്ഥരെക്കൊണ്ട് ഇക്കാര്യത്തിൽ അന്വേഷണം നടത്തിയിട്ടുണ്ട്. ഇതിനുപുറമെ ഇക്കാര്യത്തിന്മേൽ വാല്യുവേഷൻ സർട്ടിഫിക്കറ്റ് നൽകിയത് സംബന്ധിച്ച അന്വേഷണം നടത്തി റിപ്പോർട്ട് നൽകുന്നതിന് പത്തനംതിട്ട ജില്ലാ കളക്ടറോട് സഹകരണ സംഘം രജിസ്ട്രാർ ആവശ്യപ്പെട്ടിട്ടുണ്ട്.

(ഡി) ബാങ്കിന് സാമ്പത്തിക നഷ്ടം ഉണ്ടായതായി തെളിയുകയാണെങ്കിൽ കുറ്റക്കാർക്കെതിരെ നടപടി സ്വീകരിക്കുന്നതാണ്.

(ഇ) ബാങ്ക് പ്രസിഡന്റ് ആഭ്യന്തര വകുപ്പ് മന്ത്രിക്ക് നൽകിയ ഹർജിയിന്മേൽ എ.ഡി.ജി.പി. (ക്രൈംസ്) തിരുവനന്തപുരം നടത്തുന്ന അന്വേഷണവും റവന്യൂ വകുപ്പുമന്ത്രിക്ക് നൽകിയ ഹർജിയിന്മേൽ പത്തനംതിട്ട ജില്ലാകളക്ടർ തലത്തിലുള്ള അന്വേഷണവും നടന്നുവരുന്നു.

## സഹകരണ സംഘങ്ങൾക്ക് സ്റ്റാമ്പ് ഡ്യൂട്ടിയിൽ ഇളവ്

87 (4669) ശ്രീ. എം. എ. വാഹീദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സഹകരണ സംഘങ്ങൾ സ്ഥലം വാങ്ങുമ്പോൾ സ്റ്റാമ്പ് ഡ്യൂട്ടിയിൽ ഇളവ് ലഭിക്കാത്തത് സംബന്ധിച്ച് പരാതി ലഭിച്ചിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) എങ്കിൽ പരാതി ലഭിച്ചതിന്റെ ജില്ല തിരിച്ചുള്ള വിശദവിവരം നൽകുമോ ;

(സി) ഇങ്ങനെയുള്ള പരാതികളിൽ എടുത്തനടപടി സ്വീകരിച്ച എന്ന് വ്യക്തമാക്കാമോ ;

ഉത്തരം

(എ) ഉണ്ട്.

(ബി) പരാതി ലഭിച്ചതിന്റെ ജില്ല തിരിച്ചുള്ള വിവരങ്ങൾ ചുവടെ ചേർക്കുന്നു :

തിരുവനന്തപുരം:

കേരള സംസ്ഥാന സഹകരണ കാർഷിക ഗ്രാമ വികസന ബാങ്ക്.

കേരള സഹകരണ ഫെഡറേഷൻ.

പത്തനംതിട്ട:

അടൂർ ഏനാദിമംഗലം SCB.

കോട്ടയം:

1. മീനച്ചൽ സഹകരണ കാർഷിക ഗ്രാമ വികസന ബാങ്ക്.

ആലപ്പുഴ:

1. നെടുമുടി വില്ലേജ് സഹകരണ സംഘം.

തൃശ്ശൂർ:

1. ഇരിങ്ങാലക്കുട സഹകരണ കാർഷിക ഗ്രാമ വികസന ബാങ്ക്.
2. പെരിങ്ങണ്ടൂർ SCB
3. പഴിയാരം SCB

കോഴിക്കോട്:

1. കൊയിലാണ്ടി സഹകരണ കാർഷിക ഗ്രാമ വികസന ബാങ്ക്.
2. വടകര സഹകരണ കാർഷിക ഗ്രാമ വികസന ബാങ്ക്.
3. കാലിക്കറ്റ് സിറ്റി SCB.

LIBRARY ARCHIVES Kerala Legislative Assembly

കണ്ണൂർ:

1. തളിപ്പറമ്പ് സഹകരണ കാർഷിക ഗ്രാമ വികസന ബാങ്ക്.
2. കണ്ണാടിപ്പറമ്പ് SCB.
3. പെരളശ്ശേരി SCB.
4. കണ്ണൂർ കോ-ഓപ്പറേറ്റീവ് ഹൗസ് കൺസ്ട്രക്ഷൻ സൊസൈറ്റി.

(സി) പരാതികളിൽ നടപടി സ്വീകരിച്ചുവരുന്നു. ഇളവുകൾ നൽകണമെന്ന ആവശ്യം നികുതി വകുപ്പ് പരിശോധിച്ചുവരുന്നു.

**റിസ്ക് ഫണ്ട് ഇനത്തിൽ എഴുതിത്തള്ളുന്ന സഹകരണ വായ്പകൾ**

88 (4670) ശ്രീ. പി. തിലോത്തമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) വിവിധ സഹകരണ ബാങ്ക് വായ്പകളിൽ റിസ്ക് ഫണ്ട് ഇനത്തിൽ എഴുതിതള്ളുന്നതിന് അർഹത നേടിയ കേസുകൾ എത്രയെന്ന വ്യക്തമാക്കാമോ :

(ബി) ഒരു വായ്പ റിസിക് ഫണ്ട് ഇനത്തിൽ എഴുതി തള്ളുന്നതിന് സ്വീകരിക്കുന്ന നടപടിക്രമങ്ങൾ വിശദമാക്കാമോ ;

(സി) ഭർത്താവിന്റെ പേരിൽ എടുത്തിരുന്ന സഹകരണ വായ്പ അദ്ദേഹത്തിന്റെ മരണശേഷം റിസ്ക് ഫണ്ട് ഇനത്തിൽ എഴുതി തള്ളണമെന്ന് ആവശ്യപ്പെട്ട് അപേക്ഷ നൽകിയിട്ടും ഈ ആനുകൂല്യം ലഭ്യമാകാത്ത കേസുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ, ഇത്തരം കേസുകളിൽ എന്തുനടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) റിസ്ക് ഫണ്ട് പദ്ധതി നിലവിൽ വന്ന 1-4-2008 മുതൽ നാളിതുവരെയായി (25-6-2015 വരെ) 18,728 അപേക്ഷകളിലായി 124,34,37,576-രൂപ (നൂറ്റി ഇരുപത്തിനാല് കോടി മുപ്പത്തിനാല് ലക്ഷത്തി മുപ്പത്തെഴായിരത്തി അഞ്ഞൂറ്റി എഴുപത്താറ് രൂപ) റിസ്ക് ഫണ്ടിൽ നിന്നും ധനസഹായം അനുവദിച്ച നൽകിയിട്ടുണ്ട്.-

(ബി) ഒരു വായ്പക്കാരൻ മരണപ്പെട്ടാൽ, ടി വായ്പക്കാരന്റെ മരണ സർട്ടിഫിക്കറ്റും അസുഖബാധിതനാണെങ്കിൽ ആയതിന്റെ ചികിത്സാ രേഖയും സഹിതം അനന്തരാവകാശി/വായ്പക്കാരൻ ബന്ധപ്പെട്ട സഹകരണ സംഘത്തിന് അപേക്ഷ നൽകേണ്ടതാണ്. ടി അപേക്ഷ ലഭിച്ചുകഴിഞ്ഞാൽ പ്രസ്തുത അപേക്ഷ പരിശോധിച്ച് അർഹതയുള്ളതാണെങ്കിൽ സംഘം ഭരണസമിതി തീരുമാനവും അനുബന്ധ

LIBRARY ARCHIVES Kerala Legislative Assembly